കേരള സർക്കാർ

തദ്ദേശ സ്വയം ഭരണ (ഐ.എ) വകുപ്പ്

നമ്പർ: 282256/ഐ.എ.1/14/തസ്വഭവ                    തിരുവനന്തപുരം, തീയതി: 19/10/2015

## സർക്കുലർ

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് - 06.02.15 ലെ 55247/ഐ.എ.1/14 തസ്വഭവ നമ്പർ സർക്കുലർ - ഗ്രാമ പഞ്ചായത്ത് പ്രവർത്തനങ്ങളിൽ കുടുംബശ്രീ പ്രവർത്തകരെ സഹകരിപ്പിക്കൽ - നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചത് - ഭേദഗതി ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- 06.02.2015 ലെ 55247/ഐ.എ.1/14 നമ്പർ സർക്കുലർ.

.....................

സൂചന (1) ഉത്തരവു പ്രകാരം ഗ്രാമ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളിൽ കുടുംബശ്രീ പ്രവർത്തകരെ സഹകരിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ആയതിൽ താഴെപ്പറയുന്ന ഭേദഗതികൾ വരുത്തി നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1. ഗ്രാമകേന്ദ്രങ്ങളിൽ ഫെസിലിറ്റേറ്ററായി ബന്ധപ്പെട്ട വാർഡ് മെംബർ നിർദ്ദേശിക്കുന്ന വ്യക്തിയെ പഞ്ചായത്ത് നിയമിക്കേണ്ടതാണ്.
2. പ്രസ്തുത വ്യക്തി വാർഡ് മെംബറുടെ കുടുംബക്കാരനോ, ബന്ധുവോ ആകാൻ പാടില്ല.
3. കുറഞ്ഞത് എസ്.എസ്.എൽ.സി പാസായതും, 3 മാസമെങ്കിലും ദൈർഘ്യമുള്ള സർക്കാർ അംഗീകൃത കംപ്യൂട്ടർ പരിശീലന പരീക്ഷ പാസായ വ്യക്തിയുമായിരിക്കണം.
4. കുടുംബശ്രീ നടത്തുന്ന കംപ്യൂട്ടർ പരിശീലന കോഴ്സും ഇതിനായി പരിഗണിക്കാവുന്നതാണ്.
5. കുടുംബശ്രീ അംഗമോ, അവരുടെ കുടുംബാംഗമോ ആയ വ്യക്തിക്ക് മുൻഗണന നൽകേണ്ടതാണ്.
6. ഫെസിലിറ്റേറ്ററുടെ നിയമന കാലാവധി 2 വർഷം ആയിരിക്കേണ്ടതാണ്. പഞ്ചായത്ത് മെംബർ ആവശ്യപ്പെടുകയാണെങ്കിൽ കാലാവധി നീട്ടി നൽകാവുന്നതാണ്.

7. ഫെസിലിറ്റേറ്ററുടെ പ്രവർത്തനം തൃപ്തികരമല്ല എങ്കിൽ എപ്പോൾ വേണമെങ്കിലും അവരുടെ സേവനം അവസാനിപ്പിക്കാവുന്നതാണ്.

8. പഞ്ചായതത് മെംബറുടെ അംഗത്വ കാലാവധി അവസാനിക്കുന്നതോടെ ഫെസിലിറ്റേറ്ററുടെ നിയമന കാലാവധിയും അവസാനിക്കുന്നതാണ്.

സൂചന സർക്കുലർ മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

**ജെയിംസ് വർഗ്ഗീസ്,**
**പ്രിൻസിപ്പൽ സെക്രട്ടറി.**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, കില, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).

എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).

എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന).

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

എല്ലാ സി.ഡി.എസ് ചെയർപേഴ്സൺ/മെമ്പർ സെക്രട്ടറിമാർക്കും (എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം മുഖേന).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.

തദ്ദേശ സ്വയം ഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**